യിട്ടുണ്ട്. കൂടാതെ വിൽപ്പന നികുതി ചെക്ക്പോസ്റ്റുകളിൽ നികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുവാനും ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

18 (*411) മദ്യത്തിന്റെയും ലഹരിമരുന്നുകളുടെയും ഉപയോഗം തടയുന്നതിനുള്ള പദ്ധതികൾ

പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യത്തിന്റെയും ലഹരിമരുന്നുകളുടെയും ഉപയോഗം തടയുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ സംസ്ഥാനത്ത് നടന്നുവരുന്നുണ്ടോ;

(ബി) എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ലഹരിമരുന്നിനടിമകളായവരുടെ ചികിത്സയ്ക്കും പുനരധിവാസത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഉണ്ട്.

(ബി) നിയമവിധേയമല്ലാതെ മദ്യം ഉപയോഗിക്കുന്നതിനെതിരെ അബ്കാരി ആക്ട് അനുസരിച്ചും മയക്കുമരുന്നിനെതിരെ നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ട് അനുസരിച്ചും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗംമൂലമുള്ള ദൂഷ്യവശങ്ങൾ എടുത്തുകാട്ടി അതിന്റെ ഉപയോഗം പരമാവധി തടയുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ബഡ്ജറ്റിൽ 20 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്.

(സി) ലഹരി മരുന്നിനടിമകളായവരെ ചികിത്സിക്കുന്നതിന് സംസ്ഥാനത്ത് മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിലും മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ആവശ്യമായ സൗകര്യങ്ങളേർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ രംഗത്ത് സന്നദ്ധസംഘടനകളും പ്രവർത്തിച്ചുവരുന്നുണ്ട്. ഇങ്ങനെ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ നടത്തുന്ന ബോധവൽക്കരണം, കൗൺസലിംഗ്, ചികിത്സ എന്നിവയ്ക്ക് സ്കീം ഫോർ പ്രൊഹിബിഷൻ ആന്റ് ഡ്രഗ് അബ്യൂസ് പ്രിവൻഷൻ എന്ന പദ്ധതി പ്രകാരം സംസ്ഥാന സർക്കാരിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ ധനസഹായവും നൽകിവരുന്നുണ്ട്.

19 (*412) മയക്കുമരുന്നിന് അടിമപ്പെടുന്നവരെ പുനരധിവസിപ്പിക്കാൻ നടപടി

ശ്രീ. കെ.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly